**അടിയന്തരപ്രമേയം**

സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി

മി. സ്പീക്കർ: സപ്ലൈകോ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമൂലവും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ലാത്തതുമൂലവും ജനങ്ങളിൽ ആശങ്ക ഉള്ളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഈ സഭയുടെ മുൻ സമ്മേളനത്തിൽ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഞാൻ സംസാരിച്ചപ്പോൾ കേരളത്തിന്റെ ശക്തമായ വിപണി ഇടപെടൽ സംവിധാനം സപ്ലൈകോ ആണെന്നും 2016 മുതൽ വില മാറ്റമില്ലാതെ നൽകുന്നത് അവശ്യവസ്തുക്കളാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിഹാസത്തോടെ പറഞ്ഞത്, അവിടെ

ആരാണ് പോകുന്നതെന്നും വളരെ കുറച്ച് ശതമാനം ആളുകളല്ലേ അത് പ്രയോജനപ്പെടുത്തുന്നുള്ളൂ എന്നുമാണ്. അത് ശരിയല്ലെന്നും 35-40 ലക്ഷം കുടുംബങ്ങൾ ഇതിനെ ആശ്രയിക്കുന്നുവെന്നും അതിലൂടെ പ്രതിമാസം 35 കോടിയിലധികം രൂപയുടെ സബ്സിഡി ബാദ്ധ്യത സർക്കാരിനുണ്ടെന്നുള്ള കാര്യം ഞാൻ പറഞ്ഞതാണ്. എന്നാൽ ഇപ്പോൾ ഏതാനും മാസങ്ങളായി ചില അവശ്യസാധനങ്ങളുടെ കുറവ് വന്നത് കേരളീയ സമൂഹത്തിൽ വലിയ തോതിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിൽ എത്ര വലിയ ആശ്വാസമാണ് ജനങ്ങൾക്ക് കഴിഞ്ഞ ഏഴര വർഷക്കാലമായി ഈ സംവിധാനം നൽകിയിരുന്നത് എന്നതിന്റെ തെളിവാണ്. ഇക്കാര്യം ഇപ്പോഴെങ്കിലും പ്രതിപക്ഷം തിരിച്ചറിഞ്ഞത് നന്നായി. ഇപ്പോൾ ചില പ്രയാസങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിന്റെ കാരണത്തിലേയ്ക്കും പരിഹാരത്തിലേയ്ക്കും ഞാൻ വരാം. സാമൂഹ്യപ്രതിബദ്ധതയോടുകൂടി സപ്ലൈകോ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളിൽ ഒന്നുമാത്രമാണ് വിപണി ഇടപെടൽ. നെല്ല് സംഭരണം, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി, റേഷന്റെ വാതിൽപ്പടി വിതരണം, ദുരിത കാലത്തെ സാർവ്വത്രികമായ ഭക്ഷ്യകിറ്റ് വിതരണം, റേഷൻ

കടകളിലൂടെയുള്ള പഞ്ചസാര വിതരണം തുടങ്ങിയവയെല്ലാം ലാഭേച്ഛ കൂടാതെ സപ്ലൈകോ നടത്തിവരികയാണ്. പതിമൂന്നിനം അവശ്യസാധനങ്ങളുടെ സബ്സിഡി വില മാത്രമാണോ സപ്ലൈകോ നിർവ്വഹിക്കുന്നത്? ആയിരക്കണക്കിന് കൺസ്യൂമർ ഉൽപ്പന്നങ്ങൾ അഞ്ച് മുതൽ മുപ്പതുശതമാനം വരെയും, ശബരി ഉൽപ്പന്നങ്ങൾ പത്ത് മുതൽ ഇരുപത്തിഅഞ്ച് ശതമാനം വരെയും, ഔഷധങ്ങൾ പതിമൂന്ന് മുതൽ നാൽപ്പതു ശതമാനം വരെയും വിലക്കുറവിൽ നൽകിവരികയാണ്. എന്നാൽ ഈ സമീപ ദിവസങ്ങളിൽ സബ്സിഡി ഉൽപ്പന്നങ്ങളിൽ ചിലതിന് മാത്രമാണ് കുറവുണ്ടായിട്ടുള്ളത്. അവിടെയുള്ള വില്പനയിൽ ഒരു തടസ്സവും വന്നിട്ടില്ല; അത് നന്നായി നടക്കുന്നതിന്റെ ഒരുപാട് അനുഭവങ്ങൾ നമുക്ക് പറയാൻ കഴിയും. എല്ലാ മേഖലകളിലും മാതൃകയായ കേരളം വിപണി ഇടപെടലിലും മാതൃകയാണ് എന്നുള്ളതാണ് വസ്തുത. ആ പ്രക്രിയയുടെ ജീവനാഡിയായ സപ്ലൈകോയെ തകർക്കണമെന്ന് താൽപ്പര്യമുള്ളവരുണ്ട്. ചില്ലറ വില്പന മേഖലയിലേയ്ക്ക് കടന്നുകയറാൻ കുത്തകശക്തികൾ ശ്രമിക്കുന്നുണ്ടെന്നുള്ള കാര്യം നിങ്ങൾക്കും അറിയാം. സപ്ലൈകോ ആകെ തകർച്ചയിലാണെന്ന് വരുത്തിത്തീർത്ത് അതിന്റെ വിടവിലൂടെ കേരളത്തിലെ ചില്ലറ വില്പന മേഖലകളിലേയ്ക്ക് കുത്തക

കമ്പനികൾ വരാൻ ശ്രമിക്കുകയാണ്. അതിൽ നിങ്ങൾ വീണുപോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഒരിക്കലും വീഴാൻ പാടില്ല. ഞാൻ വെറുതെ പറഞ്ഞതല്ല. അത്തരം നയങ്ങൾ രാജ്യത്ത് നടപ്പാക്കിയതിന്റെ പഴയ കഥകൾ ഞാൻ പറയുന്നില്ല. കുത്തക കമ്പനികൾ നമ്മുടെ ഗ്രാമങ്ങളിൽ കടന്നുവരാൻ ശ്രമിക്കുന്നതിനുവേണ്ടി ഇതുപോലെയുള്ള പ്രസ്ഥാനത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി വ്യാപകമായ പ്രചാരങ്ങൾ നടത്തുന്നുണ്ടെന്നുള്ള കാര്യം ഓർമ്മപ്പെടുത്തിയതാണ്. സപ്ലൈകോയെ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുള്ളതാണ്. സർക്കാർ ഈ ഉത്തരവാദിത്വം നിർവ്വഹിക്കുക തന്നെ ചെയ്യുമെന്നതിൽ യാതൊരു മാറ്റവുമില്ല. നിലവിൽ നേരിടുന്ന പ്രയാസങ്ങൾ താൽക്കാലികമായിട്ടുള്ളതാണ്. ആ പ്രയാസങ്ങൾ മാറ്റാനുള്ള എല്ലാ നടപടികളിലേയ്ക്കും സർക്കാർ നീങ്ങിയിട്ടുണ്ടെന്നുള്ള കാര്യം ഈ സഭയെ ഞാൻ അറിയിക്കുന്നു. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമായി ഇതിനെ കാണുന്നില്ലയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 2023 ആഗസ്റ്റിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ അങ്ങ് സൂചിപ്പിച്ച അടിയന്തരപ്രമേയം അവതരിപ്പിച്ച സമയത്ത് അന്ന് പ്രതിപക്ഷനേതാവ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങ് പറഞ്ഞ മറുപടി, "സപ്ലൈകോ ഔട്ട്ലെറ്റിൽ പതിമൂന്ന് നിത്യോപയോഗ സാധനങ്ങൾ ഇല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് തെറ്റായ സ്റ്റേറ്റ്മെന്റാണ്. പ്രതിപക്ഷനേതാവ് കൂടി വരികയാണെങ്കിൽ സഭ പിരിഞ്ഞതിനുശേഷം ഞാൻ അവിടെ പോകാൻ തയ്യാറാണ്" എന്നാണ്. പിറ്റേ ദിവസം എല്ലാ മാധ്യമങ്ങളിലും വാർത്ത വന്നത്, മന്ത്രി വെല്ലുവിളിക്കുന്നു, പ്രതിപക്ഷനേതാവ് അത് ഏറ്റെടുക്കുന്നു എന്നാണ്. എന്നാൽ ഇപ്പോൾ ഈ പറയുന്ന അത്യാവശ്യ സാധനങ്ങൾ ഔട്ട്ലെറ്റുകളിൽ ഇല്ലെന്നുള്ള യാഥാർത്ഥ്യം സഭയിൽ അങ്ങ് എഴുന്നേറ്റുനിന്ന് സമ്മതിക്കേണ്ടിവരുന്നുണ്ടെങ്കിൽ ഒരു കാര്യം ഞങ്ങൾ പറയുന്നു. ഞങ്ങൾ ഇവിടെ വന്ന് ഇത്തരം കാര്യങ്ങൾ ഉന്നയിക്കുന്നത് എന്തെങ്കിലും പറയുമ്പോഴുള്ള സുഖത്തിനോ, ഞങ്ങൾ ഇത്തരം കാര്യങ്ങൾ എഴുതി തരുന്നത് ഞങ്ങളുടെ കൈയക്ഷരം നന്നാവാനോ അല്ല, നാട്ടിലെ ജനങ്ങൾക്ക്

വേണ്ടിയാണെന്നുള്ളത് അങ്ങ് മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങാണ് ഇപ്പോൾ എഴുന്നേറ്റുനിന്ന് സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യസാധനങ്ങൾ ലഭ്യമല്ലെന്ന് പറഞ്ഞത്. അത്യാവശ്യമായി ഉപയോഗിക്കുന്ന സാധനങ്ങൾ ലഭ്യമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ പറയുകയാണ്. ഞങ്ങളാരും കുത്തക കമ്പനികൾക്കുവേണ്ടി സപ്ലൈകോയെ തകർക്കാൻ നിൽക്കുന്നവരോ ആ ജീവനാഡി അറ്റുപോകാൻ ആഗ്രഹിക്കുന്നവരോ അല്ല, അങ്ങനെ ആഗ്രഹിക്കുന്ന ചിലരുണ്ടെന്ന് അങ്ങ് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഞങ്ങളെ നോക്കിയല്ല, അങ്ങേയ്ക്ക് പരിമിതികളുണ്ടാവാം, മുൻനിരയിലിരിക്കുന്ന ആളുകളെ നോക്കിതന്നെയാണെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. ഡോ. എം. കെ. മുനീർ ഒരു ചോദ്യം ഉന്നയിച്ചതിന് അങ്ങ് രേഖാമൂലം നൽകിയ മറുപടിയുണ്ട്. സംസ്ഥാനത്ത് സപ്ലൈകോ ഔട്ട്ലെറ്റുകളിൽ മതിയായ സാധനങ്ങൾ ലഭ്യമല്ലയെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങ് രേഖാമൂലം മറുപടി നൽകിയത്, സംസ്ഥാനത്ത് ഇത്തരം ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതയിൽ കുറവുവന്നിട്ടുണ്ട് എന്നാണ്. അങ്ങ് രേഖാമൂലം

നൽകിയ മറുപടിയാണ്. ഞങ്ങളാരും പറയുന്നതല്ല. സാധനങ്ങൾ ലഭ്യമല്ലാത്തതിന്റെയും കുറവ് വരുന്നതിന്റെയും സാഹചര്യം ഇവിടെ സൃഷ്ടിക്കുന്നത് കുത്തകകളാണോ; സപ്ലൈകോയ്ക്ക് ആവശ്യമായ പണം കൊടുക്കാതിരിക്കുന്നത് പ്രതിപക്ഷമാണോ; നിങ്ങൾക്ക് വേണ്ട സപ്പോർട്ട് തരാതിരിക്കുന്നതിന് ഉത്തരവാദികൾ ഞങ്ങളാരെങ്കിലുമാണോ? ഞങ്ങൾ ഒരു ജനകീയ പ്രശ്നം ഉന്നയിക്കുമ്പോൾ അതിന്റെ ആത്മാർത്ഥത സി.പി.ഐ.-യുടെ സംസ്ഥാന കൗൺസിലിൽ ഇരിക്കുന്ന അങ്ങയുടെ പത്നിക്ക് മനസ്സിലായിട്ടുപോലും അങ്ങ് അംഗീകരിക്കുന്നില്ല എന്നത് ഖേദകരമാണ്. ഇവിടെ ചില വാർത്തകൾ വന്നു, "ബഡ്ജറ്റിൽ തുക അനുവദിച്ചില്ല, മുഖ്യമന്ത്രിക്ക് ഭക്ഷ്യമന്ത്രി ജി. ആർ. അനിലിന്റെ ഭാര്യ ശ്രീമതി ലതാദേവിയുടെ രൂക്ഷ വിമർശനം". അങ്ങയുടെ ഭാര്യ എന്നുള്ളതല്ല അവരുടെ പദവി. XXXXXXX+ (...ബഹളം.....) ഇതുസംബന്ധിച്ച് വാർത്തകളിൽ വന്നതാണ്, ഞാൻ പറയുന്നതല്ല. ഇവിടെ എല്ലാവരും വാർത്തകൾ ക്വാട്ട് ചെയ്യാറുണ്ട്. ഇതുസംബന്ധിച്ച് ഒരു കാര്യം ഞങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് എത്ര കത്തെഴുതിയിട്ടും സർക്കാർ പണം തരുന്നില്ലെങ്കിൽ, ധനവകുപ്പ് അത്

---

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിഗണനയിലാണ്.

പരിഗണിക്കുന്നില്ലെങ്കിൽ അങ്ങയുടെ കയ്യെഴുത്ത് നന്നായിയെന്ന് സി.പി.ഐ. സംസ്ഥാന കൗൺസിലിന് തോന്നിയിട്ടും ജനങ്ങളുടെ തലയിലെഴുത്ത് മോശമായി തുടരുന്നുയെന്ന വസ്തുത ദയവായി അംഗീകരിക്കണം. അങ്ങയുടെ പരിമിതി മനസ്സിലാക്കിക്കൊണ്ട് ഒരു കാര്യം കൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തയ്യാറാക്കി നൽകുന്ന അങ്ങയുടെ വകുപ്പിലെ ജീവനക്കാർക്ക് ഈ വകുപ്പിനോടുള്ള ആത്മാർത്ഥതയെങ്കിലും അങ്ങേയ്ക്കുണ്ടാകണം. ശ്രീ. ടി. സിദ്ദിഖിന്റെ ചോദ്യത്തിന്റെ ഉത്തരത്തിൽ പറയുന്നത്, 2021-22-ൽ ബഡ്ജറ്റിൽ വകയിരുത്തിയത് 150 കോടി രൂപ, അനുവദിച്ച തുക 75 കോടി രൂപ. 2022-23-ൽ വകയിരുത്തിയത് 180 കോടി രൂപ, അനുവദിച്ച തുക പൂജ്യം എന്നാണ്. ഞങ്ങളാണോ ഈ വകുപ്പിനെ തകർക്കാൻ ശ്രമിക്കുന്നത്, സപ്ലൈകോയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്? അങ്ങ് സൂചിപ്പിച്ച കണക്ക് ശരിയാണെങ്കിൽ സാധാരണക്കാരായ നാൽപ്പതുലക്ഷം പേർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങളുടെ വിതരണത്തിനും അവശ്യവസ്തുക്കൾ അവരിൽ എത്തിച്ചേരുന്നതിനും തടസ്സം നിൽക്കുന്നത് ഞങ്ങളാണോ? ഒരു സാമ്പത്തിക വർഷം കോടിക്കണക്കിന് രൂപ ചെലവഴിച്ചുവെന്ന് അങ്ങ്

പറയുമ്പോൾ രേഖാമൂലം നൽകിയ മറുപടിയിൽ ധനകാര്യ വകുപ്പ് സപ്ലൈകോയ്ക്ക് അനുവദിച്ചത് പൂജ്യമാണെന്നാണ് കാണിക്കുന്നത്. ഒരു വർഷം ഈ ഡിപ്പാർട്ട്മെന്റിന് നൽകുന്നത് പൂജ്യമാണെങ്കിൽ, കുത്തകയുടെ കാര്യങ്ങൾ പറയുന്നതിനും പ്രതിപക്ഷത്തിനെ ആക്ഷേപിക്കുന്നതിനുംമുമ്പ് ഈ മന്ത്രിസഭയിലുള്ള കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട നിലയ്ക്ക് ഈ വകുപ്പിനോട് കാണിക്കുന്ന അനീതിയെ ചോദ്യം ചെയ്യാൻ ഞങ്ങൾക്കൊപ്പം നിൽക്കുകയാണ് അങ്ങ് ചെയ്യേണ്ടതെന്നാണ് ഞങ്ങളുടെ അഭിപ്രായം. 2023-24-ൽ നിങ്ങൾ വകയിരുത്തിയത് 190 കോടി രൂപ, അനുവദിച്ചത് 157 കോടി രൂപ. വിപണി ഇടപെടലിനുവേണ്ടി നടത്തിയ ഇടപെടലിന്റെ പേരിൽ സപ്ലൈകോയ്ക്ക് 1507 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് അങ്ങ് രേഖാമൂലം ഈ സഭയ്ക്ക് നൽകിയ ഉത്തരത്തിൽ പറയുന്നത്. ആരാണ് സപ്ലൈകോയെ തകർക്കാൻ ശ്രമിക്കുന്നത്; അതിന് മറുപടി പറയണ്ടേ? മാത്രമല്ല മന്ത്രിക്കുവേണ്ടി ഈ ഉത്തരം തയ്യാറാക്കിയവരുടെ ആത്മാർത്ഥത ഞാൻ എടുത്തുപറയാൻ കാരണം നെല്ല് സംഭരണവും വാതിൽപ്പടി സേവനവുമുൾപ്പെടെയുള്ള വിഷയത്തിൽ അവർ ഒരു കാര്യംകൂടി എഴുതിയിട്ടുണ്ട്. നെല്ല് സംഭരണത്തിൽ മുൻവർഷങ്ങളിലെയുൾപ്പെടെയുള്ള

ആകെ കുടിശ്ശിക 677 കോടി രൂപയാണ്. അങ്ങ് പറയുന്ന മറ്റ് സേവനങ്ങളിൽപ്പെട്ട, വാതിൽപ്പടി വിതരണത്തിലെ കുടിശ്ശികത്തുക 281 കോടി രൂപയാണ്. ഉദ്യോഗസ്ഥർക്ക് ആത്മാർത്ഥതയുള്ളതുകൊണ്ട് അവർ ബ്രാക്കറ്റിൽ എഴുതിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണത്തിന് സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിൽ 380 കോടി രൂപ അനുവദിച്ചെങ്കിലും 150 കോടി രൂപ ട്രഷറിയിൽനിന്ന് വിട്ടുകിട്ടിയിട്ടില്ലെന്ന് ബ്രാക്കറ്റിൽ എഴുതിയിട്ടുണ്ട്. മന്ത്രി രേഖാമൂലം നൽകിയ മറുപടിയാണ്. അതുപോലെ വാതിൽപ്പടി സേവനത്തിന് 85 കോടി രൂപ ട്രഷറിയിൽനിന്ന് വിട്ടുകിട്ടിയിട്ടില്ലെന്നും പറയുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ആകെ 205 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കഴിഞ്ഞ തവണ 2,000 കോടി രൂപയുടെ ഇടപെടലുണ്ടാകുമെന്ന് പ്രഖ്യാപിച്ചിട്ട് ആയിനത്തിൽ കിട്ടിയ തുകയും അങ്ങ് രേഖാമൂലം നൽകിയ ഉത്തരത്തിൽ പറയുന്നുണ്ട്. ആരാണ് ഈ വകുപ്പിനോട് ഈ സമീപനവും നയങ്ങളും വച്ചുപുലർത്തുന്നത്; അതിന് കാരണം എന്താണ്? അങ്ങ് പറയുന്ന കണക്ക് ശരിയാണെങ്കിൽ സപ്ലൈകോ ഔട്ട്ലെറ്റിൽ പോകുന്ന 40 ലക്ഷം ആളുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ അങ്ങ് തിരിച്ചറിയുന്നുണ്ടല്ലോ?

സബ്സിഡി ഇനങ്ങളുടെ കാര്യം പരിശോധിക്കുമ്പോൾ, 13 അവശ്യവസ്തുക്കൾ സബ്സിഡിയിനത്തിൽ വിൽപ്പന നടത്തുമ്പോൾ സപ്ലൈക്കോയ്ക്കുണ്ടാകുന്ന നഷ്ടമായി അങ്ങ് പറയുന്നത് 879 കോടി രൂപയാണെന്നാണ്. സപ്ലൈകോയ്ക്ക് നൽകുന്നതിൽ കോടിക്കണക്കിന് രൂപ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നാണ് അങ്ങ് പറയുന്നത്. 2022-23-ൽ സബ്സിഡി ഇനങ്ങൾ വാങ്ങുന്നതിനുവേണ്ടി 1,427 കോടി രൂപ നീക്കിവച്ചപ്പോൾ 2023-2024-ൽ അത് 565 കോടി രൂപയായി കുറഞ്ഞു. ഒരു വർഷം തന്നെ 862 കോടി രൂപയുടെ കുറവാണ് വരുത്തുന്നത്. ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്ന ഒരു കാര്യം, ആളുകൾ മാവേലി സ്റ്റോറിൽ പോയി സാധനങ്ങൾ ലഭിക്കാതെ മടങ്ങിവരുമ്പോൾ വഴിയിൽ നിൽക്കുന്നവർ എന്തെങ്കിലും സാധനം കിട്ടിയോയെന്ന് ചോദിക്കുമ്പോൾ അവിടെനിന്നും ഒന്നും കിട്ടിയില്ലെന്ന് പറയും. ദയവായി മാവേലിയെ പറയിപ്പിക്കുന്നത് നിർത്തണം. 'കെ' ഉപയോഗിച്ച് എന്തെങ്കിലും പേര് ഇതിനും നൽകുകയാണെങ്കിൽ ആളുകൾക്ക് വലിയ പ്രതീക്ഷയുണ്ടാവില്ല. മാവേലിയെ പറയിപ്പിക്കുന്നത് ചുരുങ്ങിയപക്ഷം നിർത്താനും സാധിക്കും. മാവേലി സ്റ്റോറിൽ ആളുകൾക്ക് സാധനങ്ങൾ ലഭിക്കുന്നില്ല.

സി.പി.ഐ.-യുടെ കെ-സ്റ്റോറിന് എന്തോ പേര് നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞു. അതാകുമ്പോൾ വലിയ പ്രതീക്ഷയൊന്നും ജനങ്ങൾക്കുണ്ടാവില്ല. കെ.എസ്.ആർ.ടി.സി. റൂട്ടിലൂടെ സപ്ലൈകോയെ ഓടിക്കുന്നത് ഗവൺമെന്റ് നിർത്തണം, അവിടേയ്ക്ക് വേണ്ടത്ര സഹായം നൽകണം. നിങ്ങളുടെ മന്ത്രിയേയും വകുപ്പിനേയും ഇങ്ങനെ അവഹേളിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രസ്തുത വകുപ്പിനുവേണ്ടി പറയുകയും അതിനെ നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഞങ്ങൾക്ക് ബഹുമാനപ്പെട്ട സി.പി.ഐ. അംഗങ്ങൾ മാനസിക പിന്തുണയെങ്കിലും നൽകണം. വകുപ്പിന് ആത്മാർത്ഥതയുണ്ടാകും. അനുവദിച്ച തുകപോലും തന്നില്ലായെന്ന് ബ്രാക്കറ്റിൽ വിശദമായി ഉത്തരം എഴുതി നൽകണമെങ്കിൽ അത് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ആരെങ്കിലും അതിനുള്ളിലുണ്ടാകും. അതിനൊരു സപ്പോർട്ട് നൽകുകയല്ലേ നമ്മുടെ ഉത്തരവാദിത്വം. XXXXXXX[+] ഇതൊക്കെ വാർത്തകളാണ്. അതിന്റെയുള്ളിൽ നടക്കുന്നത് എന്താണെന്ന് എനിക്ക് അറിയില്ല. (...ബഹളം....) സി.പി.ഐ. സംസ്ഥാന കൗൺസിലിനെ നിരീക്ഷിച്ചാലും അതിന്റേതായി പുറത്തുവരുന്ന വാർത്തകൾ ശ്രദ്ധിച്ചാലും മനസ്സിലാകുന്ന ഒരു കാര്യം ഇവിടെ ആകെ വിലക്കുറവുണ്ടാകുന്നത്

---

+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിഗണനയിലാണ്.

കേരളത്തിലെ മുഖ്യമന്ത്രിക്ക് മാത്രമാണെന്നാണ്. അക്കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല. ബാക്കിയെല്ലാത്തിനും വിലക്കയറ്റമാണ്. എങ്ങനെയാണ് ഈ വകുപ്പിനെ നിലനിർത്താൻ സഹായിക്കുന്നത്? ഒരു പ്രധാനപ്പെട്ട കാര്യംകൂടി സൂചിപ്പിക്കാം. കേരളീയം പരിപാടിക്കും സപ്ലൈകോയുടെ നവീകരണത്തിനും 10 കോടി രൂപ വീതമാണ് നീക്കിവച്ചത്. കരാറുകർക്ക് 792 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. അവർ എങ്ങനെയാണ് ടെണ്ടറിൽ പങ്കെടുക്കുന്നത്? കഴിഞ്ഞ ഏപ്രിൽ മുതൽ സബ്സിഡി സാധനങ്ങൾക്ക് ലഭ്യതക്കുറവുണ്ട്. പലയിടത്തും സാധനങ്ങൾ ലഭ്യമല്ല. ഇപ്പോൾ ഒരു വർഷമാകുന്നു. നിരക്ക് വർദ്ധിപ്പിക്കാനാണ് നിങ്ങളുടെ പുതിയ കമ്മിറ്റി ശിപാർശ നൽകിയിരിക്കുന്നത്. അത് ലോകസഭാ തെരഞ്ഞെടുപ്പ് വരെ നിങ്ങൾ നടപ്പാക്കില്ല. അതുകഴിഞ്ഞ് നടപ്പാക്കുമ്പോൾ പിന്നെയും അഞ്ചാറ് മാസങ്ങൾ കഴിയും. ഒന്നര വർഷക്കാലം അവശ്യവസ്തുക്കൾ ജനങ്ങളിലേയ്ക്ക് എത്തുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

മി. സ്പീക്കർ: പ്ലീസ് ..... കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. നെല്ല് സംഭരണം സപ്ലൈകോയുടെ പ്രധാന

ഉത്തരവാദിത്വമാണ്. എന്നാൽ നെല്ല് സംഭരണത്തിനുവേണ്ടി ബഡ്ജറ്റിൽ ഒരു രൂപയെങ്കിലും അധികം നീക്കുവയ്ക്കുന്നുവെന്ന് പറയാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? സംഭരിക്കുന്ന നെല്ലിന്റെ പണം പി.ആർ.എസ്. രസീതുകൾ വഴി അവരുടെമേൽ കടബാധ്യത പോലെ നിൽക്കുമ്പോൾ ആ തുക ഗവൺമെന്റ് അടയ്ക്കാൻ വൈകുമ്പോൾ സിബിൽ സ്കോറിൽ വരുന്ന കുറവുവരെ തന്റെ തലയിൽ വരാൻ കേരളത്തിലെ കർഷകർ നിങ്ങളോട് എന്ത് അപരാധമാണ് ചെയ്തത്? സംഭരണത്തിന് പത്ത് പൈസയുടെ അധിക വില നൽകാൻ തയ്യാറായിട്ടുണ്ടോ? മാത്രമല്ല, അങ്ങ് കഴിഞ്ഞ തവണ പറഞ്ഞത് ഇന്ത്യാരാജ്യത്ത് മറ്റൊരു സംസ്ഥാനവും ഇതുപോലെ നെല്ല് സംഭരിക്കുന്നില്ലെന്നാണ്. അത് ശരിയാണ്. രണ്ട് ഗവൺമെന്റുകളും അക്കാര്യത്തിൽ നിലപാടെടുത്തിട്ടുണ്ട്. 2015-16-ൽ നെല്ല് സംഭരിക്കുന്നതിലെ സംസ്ഥാന വിഹിതം 7.40 രൂപയും 2016-17-ൽ സംസ്ഥാന പ്രോത്സാഹന വിഹിതമായി 7.80 രൂപയുമാണ് അനുവദിച്ചത്. എന്നാൽ ഇപ്പോൾ പ്രസ്തുത തുക 6.37 രൂപയായി കുറച്ചിരിക്കുകയാണ്. കേന്ദ്രം തുക വർദ്ധിച്ചപ്പോൾ അതിന്റെ ആനുകൂല്യം കർഷകർക്ക് ലഭിക്കാതിരിക്കാൻ ഇവിടെ കുറവ് വരുത്തുന്ന അവസ്ഥയാണുള്ളത്. വെള്ളം

വിട്ടുകിട്ടണമെങ്കിലും നെല്ല് സംഭരിക്കണമെങ്കിലും സംഭരിച്ചതിന്റെ പണം ലഭിക്കണമെങ്കിലും കർഷകർക്ക് സമരം ചെയ്യേണ്ടിവരുന്നു. അദ്ധ്വാനിച്ച് നെല്ലുണ്ടാക്കുന്ന പാവപ്പെട്ട കർഷകനോടുള്ള ഈ സമീപനം ശരിയല്ല. മന്ത്രിയുടെ മറുപടി പ്രസംഗത്തിലെങ്കിലും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ തയ്യാറാകണം. പി.ആർ.എസ്. രസീതുകൾ വഴിയല്ലാതെ സംഭരണത്തിന്റെ പണം ഒരാഴ്ചയ്ക്കുള്ളിൽ കർഷകന് നേരിട്ട് ലഭിക്കുന്ന സംവിധാനമുണ്ടാകണം. അതിന് സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക നൽകണം. സപ്ലൈകോയ്ക്ക് ദയാവധം പ്രഖ്യാപിച്ച് തൂക്കിക്കൊല്ലാൻ കാത്തിരിക്കുന്ന സമീപനം തിരുത്തണം. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ 12 മിനിറ്റ് സംസാരിച്ചപ്പോൾ ഒരു ഘട്ടത്തിൽപ്പോലും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് ഒരു വാക്ക് പറഞ്ഞില്ല. നിങ്ങളുടെ ഈ അന്തർധാരയാണ് ജനങ്ങൾ നന്നായി തിരിച്ചറിയേണ്ടത്. നിങ്ങളിൽ

കുറച്ചുപേരെ ഊണ് കഴിക്കാൻ വിളിച്ചു. ഊണ് കഴിക്കാൻ വിളിച്ച ആളുകൾ ഒന്നൊന്നായി പോയിക്കൊണ്ടിരിക്കുകയാണ്. അതു മറന്നുപോകരുത്. കേരളത്തിലെ പൊതുമേഖലയെ സംരക്ഷിക്കാൻ ഈ ഗവൺമെന്റെടുത്ത താൽപര്യം മറ്റൊരു സംസ്ഥാനത്തിലെ ഗവൺമെന്റും സ്വീകരിച്ചിട്ടില്ല. ഇന്ന് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുകൊണ്ടിരിക്കുന്ന ഘട്ടമാണ്. നിങ്ങൾ തുടങ്ങിയ ആ വിൽപ്പന ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ശക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേരളത്തിലെ സപ്ലൈകോയാണെങ്കിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും അവ സംരക്ഷിക്കാനാവശ്യമായ ബദൽ നയമാണ് ഞങ്ങൾ നടപ്പാക്കുന്നത്, അതിൽ ഒരു സംശയവും വേണ്ട. നിങ്ങൾ അറിയേണ്ടത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയുടെ 25 പുതിയ വിൽപ്പനശാലകൾ ആരംഭിക്കുകയും 70 വിൽപ്പനശാലകൾ നവീകരിച്ച് അപ്ഗ്രേഡ് ചെയ്യുകയുമുണ്ടായി. കേരളത്തിലെ സപ്ലൈകോ വിൽപ്പനശാലകളുടെ എണ്ണം 1625 ആയി ഉയർത്തുകയാണ് ചെയ്തത്. എന്നാൽ ഇവർ കേരളത്തിലെ മാവേലി സ്റ്റോറിനെ വാമന സ്റ്റോറെന്ന പേരിൽ താഴിട്ട് പൂട്ടുകയാണ് ചെയ്തത്.

മാവേലി ആര്; വാമനൻ ആര്? അങ്ങനെ ചെയ്യുവരാണ്. കഥകളൊന്നും പറഞ്ഞ് ന്യായം പറയേണ്ട. കേരളത്തിലെ സപ്ലൈകോയുടെ ബാധ്യത ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. നിങ്ങളുടെ കാലത്തെ ബാധ്യതയെക്കുറിച്ച് മറന്നുപോവുകയാണ്. അന്നത്തെ മന്ത്രിയടക്കം ഈ സഭയിലുണ്ട്. 2011 മുതൽ 2016 വരെയുള്ള കാലയളവിലെ ബാധ്യത 347 കോടി രൂപയാണ്. ഇതുസംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടുള്ളതാണ്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട് 347 കോടി രൂപ അന്ന് സപ്ലൈകോയ്ക്ക് നൽകുകയുണ്ടായി. അന്ന് വാമന സ്റ്റോറാക്കാനും ഷോപ്പുകൾ അടയ്ക്കാനും നടപടികൾ സ്വീകരിച്ചതിനിടയിലാണ് ഈ ബാദ്ധ്യത. എന്നാൽ ഇന്ന് അതല്ല. കേരളത്തിൽ വിപണി ഇടപെടലിന്റെ കാര്യത്തിൽ, കഴിഞ്ഞ രണ്ടുമാസമായി ചില ഉത്പന്നങ്ങളുടെ കുറവുണ്ടെന്നുള്ളത് ഞങ്ങൾ സമ്മതിക്കുന്നു. (.....ബഹളം.....)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ............

<u>മി. സ്പീക്കർ</u>: ശ്രീ. അനൂപ് ജേക്കബ്, അദ്ദേഹം വഴങ്ങുന്നില്ല.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അതുകൊണ്ട് കഴിഞ്ഞ ഏഴര വർഷക്കാലം കേരളത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് വിപണി

ഇടപെടലിൽ നടത്തിയിട്ടുള്ളത്. മാത്രമല്ല, കോവിഡിന്റെ കാലത്തും പ്രളയത്തിന്റെ കാലത്തും 6,000 കോടിയോളം രൂപയുടെ ബാധ്യതയാണ് ജനങ്ങൾക്ക് ആശ്വാസം പകരാൻ നൽകിയത്. ഉത്പന്നങ്ങൾ സൗജന്യമായി കിറ്റിലൂടെ നൽകുന്ന നിലപാട് സ്വീകരിച്ചു. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലുള്ള നടപടി കോൺഗ്രസ് ഗവൺമെന്റ് സ്വീകരിച്ചതായി പറയാൻ കഴിയുമോ? ഇന്നത്തെ പത്രത്തിലെ കണക്ക് എന്താണ്? 2023 നവംബർ മാസത്തിൽ വിലക്കയറ്റത്തിന്റെ ദേശീയ ശരാശരി 5.55 ശതമാനമാണ്, കേരളത്തിലേത് 4.80. ഡിസംബറിൽ ദേശീയ ശരാശരി 5.69, കേരളത്തിൽ 4.28 എന്നിങ്ങനെയാണ്. മാത്രമല്ല, തൊട്ടടുത്ത സംസ്ഥാനങ്ങളെ എടുത്തുനോക്കുമ്പോൾ ഉത്തർപ്രദേശിൽ 5.53, രാജസ്ഥാനിൽ 6.95, ഒറീസ്സയിൽ 8.73, ഉത്പാദക സംസ്ഥാനമായ ഹരിയാനയിൽ 6.72, പഞ്ചാബിൽ 5.95, നിങ്ങൾ ഭരിക്കുന്ന കർണ്ണാടകത്തിൽ 6.65, ഹിമാചൽ പ്രദേശിൽ 5.23, തെലങ്കാനയിൽ 6.65 എന്നായിരിക്കുമ്പോൾ കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്തുവാൻ  സപ്ലൈകോയും കൺസ്യൂമർഫെഡും മറ്റ് കാർഷിക സ്ഥാപനങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ഫലപ്രദമായ വിപണി

ഇടപെടൽ ജനങ്ങൾക്ക് നന്നായിട്ടറിയാം. എന്നാൽ ഇന്ന് നമുക്ക് ചില സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. നിങ്ങളാരും അത് കാണാത്തതെന്താണ്? നികുതിവിഹിതവും നഷ്ടപരിഹാരവുമടക്കം സംസ്ഥാനത്തിന് 57,000 കോടി രൂപയാണ് കേന്ദ്രസർക്കാർ നൽകാനുള്ളത്. അതുകൊണ്ട് അത്തരത്തിലുള്ള സാമ്പത്തിക പ്രയാസങ്ങൾ നമ്മുടെ ക്ഷേമപ്രവർത്തനങ്ങളെയും വിപണി ഇടപെടലിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെയുമെല്ലാം കുറച്ച് ബാധിച്ചുവെന്നത് വസ്തുതയല്ലേ; അത് മാറ്റാൻ നിങ്ങളുടെ സഹകരണമെന്താണ്; അത് മാറ്റാനുള്ള ശബ്ദമുയരുമ്പോൾ നിങ്ങൾ ആരുടെ ഭാഗത്താണ് നിൽക്കുന്നത്; അത് നിങ്ങൾ അറിയണം. ജനങ്ങൾ നന്നായി അറിയേണ്ടതുണ്ട്. സർക്കാരിനുണ്ടായിട്ടുള്ള ഈ പ്രയാസങ്ങൾ സപ്ലൈകോയെ ബാധിച്ചത് മാറ്റാനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ. അത് കൃത്യമായും മാറ്റും. അതിനനുസരിച്ചുള്ള നടപടികളിലേയ്ക്ക് ഞങ്ങൾ പോകുകയാണ്. ഇവിടെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. ഒന്ന്, കർഷകർക്ക് നൽകുന്ന നെല്ലിന്റെ വിലയെ സംബന്ധിച്ചുള്ളതാണ്. കർഷകർക്ക് ഇന്ത്യയിൽ ഏറ്റവുമധികം വില നൽകുന്ന സംസ്ഥാനം കേരളമാണ്, 28.20 രൂപ. 12 പൈസ ഹാൻഡ്ലിംഗ്

ചാർജ് .........(ബഹളം)......നിങ്ങൾ അറിയേണ്ടത്, കേന്ദ്ര ഗവൺമെന്റ് എന്തുകൊടുക്കുന്നുവെന്ന് നോക്കിയിട്ടല്ല. കേന്ദ്ര ഗവൺമെന്റ് 20 രൂപയാണോ 15 രൂപയാണോ നൽകുന്നതെന്ന് നോക്കിയിട്ടല്ല. കേരളം 28.20 രൂപ കർഷകന് കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി ഉറപ്പാക്കിയിരിക്കുന്നു. കേന്ദ്രം വില കൂട്ടുന്നതും കുറയ്ക്കുന്നതും അനുസരിച്ചല്ല, അതിനാവശ്യമായ ഇൻസെന്റീവ് കേരളം നൽകികൊണ്ടാണ്. ഇതിനുപുറമെ കർഷകനെ സംരക്ഷിക്കാൻ നെല്ല് വിളയിച്ചെടുക്കുന്നതിനുവേണ്ടി എത്ര രൂപയാണ് സഹായമായി നൽകുന്നത്. എന്തുകൊണ്ടാണ് അത് കാണാത്തത്. കേന്ദ്ര ഗവൺമെന്റ് പൈസ കൂട്ടുന്നതിനനുസരിച്ചല്ല കേരളം തീരുമാനിക്കുന്നത്. കേരളം സ്ഥിരമായി 28 രൂപ കർഷകന് ലഭിക്കുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചത്. കോടാനുകോടി രൂപയുടെ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കികൊണ്ടാണ് കർഷകന് നെല്ലിന്റെ വില നൽകുന്നത്. സിബിൽ സ്കോറിന്റെ കാര്യം പറഞ്ഞു. ഒരു കർഷകന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് നിങ്ങൾ സിബിൽ സ്കോറിന്റെ വിഷയം ഉന്നയിച്ചല്ലോ; അവസാനം എന്താണുണ്ടായത്; അതൊന്നും ആ സംഭവവുമായി ബന്ധപ്പെട്ട വിഷയമായിരുന്നില്ലെന്ന് തെളിഞ്ഞില്ലേ? കേരളത്തിലെ കർഷകന്

നൽകുന്ന പി.ആർ.എസ്. വായ്പയിൽ ഒരു പൈസയുടെ പലിശപോലും കർഷകൻ കൊടുക്കേണ്ടതായി വരുന്നില്ല. ആ ബാധ്യത ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടാണ് കർഷകന് കൃത്യമായി പണം നൽകുന്നതിനുള്ള സംവിധാനമായി പി.ആർ.എസ്. വായ്പ എടുത്തത്. പി.ആർ.എസ്. വായ്പയ്ക്ക് തുടക്കം കുറിച്ചത് പ്രതിപക്ഷമാണെന്ന കാര്യം മറന്നുപോകരുത്. എന്നാൽ അതിന്റെ പേരിൽ കർഷകൻ പലിശ അടയ്ക്കുന്നുണ്ടോ; അതിന്റെ പേരിൽ കർഷകന് എന്തെങ്കിലും ബാധ്യത ഉണ്ടായിട്ടുണ്ടോ; അത് ബാങ്കിന്റെ വ്യവസ്ഥ അനുസരിച്ചാണ്. ആ വ്യവസ്ഥകൾ തന്നെ പരമാവധി ഉദാരമാക്കുന്നതിനുള്ള നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതാണ് വസ്തുതയെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്.

മറ്റൊന്ന്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കൗൺസിലിലോ പുറത്തോ ഉണ്ടായ ചർച്ചകൾ നിയമസഭയുടെ ആധികാരികമായ രേഖയാക്കുന്ന രീതി നിർഭാഗ്യകരമാണ്. അങ്ങനെ പറഞ്ഞുതുടങ്ങിയാൽ ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ അറിയേണ്ടത് കേരളത്തിലെ കോൺഗ്രസ്സിന്റെ ഓഫീസുകളിൽ നടക്കുന്ന സംഭവങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ തുടങ്ങിയാൽ അതിനുമാത്രമേ സമയം ലഭിക്കുകയുള്ളൂ എന്നാണ്.

എന്താണ് നടന്നതെന്നുള്ള കാര്യത്തെക്കുറിച്ച് ഞങ്ങൾ പറയുന്നില്ല. കൊലപാതകമടക്കം നിങ്ങളുടെ ഓഫീസിനകത്ത് നടന്നുവെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത്തരം സംഭവങ്ങൾ എന്തിനാണ് സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. അത്തരം ചർച്ചകൾ കമ്മിറ്റിയിൽ നടന്നതായിരിക്കില്ല. ഏതെങ്കിലും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ഇവിടെ ചർച്ച ചെയ്യാൻ സാധിക്കുമോ; അക്കാര്യം നിങ്ങൾ അറിയണം. കമ്മിറ്റിയിൽ നടക്കുന്ന ചർച്ചകളുടെ വസ്തുതയാകണമെന്നുണ്ടോ പുറത്തുവരുന്നത്. പാർട്ടി സെക്രട്ടറി പാർട്ടിയുടെ തീരുമാനങ്ങൾ വിശദീകരിക്കുന്നതാണ് വസ്തുത. ഞങ്ങളുടെ പാർട്ടി അങ്ങനെയാണ്. അല്ലാതെ ആരെങ്കിലും നടത്തുന്ന ചർച്ചയല്ല പാർട്ടിയുടെ തീരുമാനം. പാർട്ടി തീരുമാനം പാർട്ടി സെക്രട്ടറിയാണ് പറയുന്നത്. നിങ്ങളുടെ ധാരണവച്ചുകൊണ്ടാണ് നിങ്ങൾ അതിനെ കാണുന്നത്. നിങ്ങളുടെ ഘടകങ്ങളിൽ നടക്കുന്ന ചർച്ചയാണ് തീരുമാനമായി നിങ്ങൾ പറയുന്നത്. ഞങ്ങൾ വളരെ വ്യക്തമായി അത്തരം വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട സ്ഥലങ്ങളിൽ ചർച്ച ചെയ്യിക്കാൻ അറിയുന്ന പാർട്ടിയാണെന്നുള്ള കാര്യം ജനങ്ങൾക്ക് നന്നായി അറിയാം. ഞാൻ

അതിനെക്കുറിച്ച് മറ്റ് കാര്യങ്ങൾ പറയുന്നില്ല. കേരളത്തിൽ സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന 13 ഉത്പന്നങ്ങൾ 2016-ലെ വിലയ്ക്ക് ഇപ്പോഴും കൊടുക്കുകയാണ്. ഒരു മാറ്റവും വരുത്തിയില്ല. വലിയ ബാധ്യതയാണെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. കാലോചിതമായ മാറ്റം വരുത്താൻ കഴിയാത്തതുകൊണ്ടുതന്നെ അത്രയധികം ബാധ്യത....ഇവിടെ സൂചിപ്പിച്ചതുപോലെ ഓരോ ഉത്പന്നങ്ങൾ എടുത്തുനോക്കിയാലും ആ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ബാധ്യത വളരെ കൂടുതലാണ്. ആ ബാധ്യതയും അതോടൊപ്പം നമുക്ക് നിർവ്വഹിക്കേണ്ടിവരുന്ന മറ്റ് ഉത്തരവാദിത്വം കൂടി വരുമ്പോൾ കുറച്ചേറെ ബാധ്യതയുണ്ട്. അതുകൊണ്ട് സപ്ലയർമാർ മാറിനിൽക്കുന്ന നിലപാട് സ്വീകരിച്ചു. അത് സമീപ കാലത്ത് ഉണ്ടായതാണ്. അതുകൊണ്ട് ചില സബ്സിഡി ഉത്പന്നങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ വന്നു. എന്നാൽ മറ്റ് ഉത്പന്നങ്ങളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; സപ്ലൈകോയിൽ മറ്റ് ഉത്പന്നങ്ങൾ വിലകുറച്ച് കൊടുക്കുന്നതിന്റെ കണക്കുകൾ ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം കൃത്യമായി വിൽപ്പന നടക്കുകയാണ്. സപ്ലയർമാർക്ക് പണം കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ബിൽ

ഡിസ്കൗണ്ടിംഗ് സിസ്റ്റത്തെക്കുറിച്ച് ധാരണയുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് സപ്ലയർമാർക്ക് പണം കൊടുക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ പോകുകയാണ്. അതുപോലെ TReDS (Trade Receivables Discounting System) എന്ന ആർ.ബി.ഐ അംഗീകാരമുള്ള ഏജൻസിയുമായും, ആ ബാങ്കുകളുമായിട്ടുള്ള ഒരു ചർച്ച നടത്തി. അതനുസരിച്ച് കുടിശ്ശിക എത്രയും വേഗം കൊടുക്കാനുള്ള നടപടികൾ നീക്കുന്ന ഒരു ഘട്ടത്തിലാണ് എന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് സപ്ലൈകോയെ കൈവിടുന്ന, പൊതുമേഖലാ സംരംഭത്തെ കൈവിടുന്ന തരത്തിലുള്ള ഒരു നിലപാടും സ്വീകരിച്ചില്ല. ഇന്നലെയും ഞാൻ കർഷകരുടെ വിഷയവുമായി ബന്ധപ്പെട്ട് സഭയിൽ പറഞ്ഞതാണ്. കേന്ദ്രഗവൺമെന്റ് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 1000 കോടി രൂപ നൽകാനുണ്ട്. അതുപോലെ തന്നെ കേരളത്തിലെ പൊതുവിതരണരംഗം സപ്ലൈകോ മാത്രമല്ല, സപ്ലൈകോ അതിന്റെ നോഡൽ ഏജൻസിയാണ്. ആ പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയാണ് കേന്ദ്രം നൽകാനുള്ളത്. അതെല്ലാം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തതാണ്; കൃത്യമായ കണക്കുകളുമുണ്ട്. അത്തരത്തിൽ കേന്ദ്രഗവൺമെന്റ് എടുക്കുന്ന

നിലപാടുകൾ സപ്ലൈകോ ആണെങ്കിലും പൊതുവിതരണ രംഗത്തെ ആണെങ്കിലും ക്ഷേമപ്രവർത്തനങ്ങളെ ആണെങ്കിലും വല്ലാതെ ബാധിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. അത് മറികടക്കാനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കും. സപ്ലൈകോയേ സംരക്ഷിക്കുക എന്നുപറഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരുകയാണ് ചെയ്യുന്നത്. ആ ഉത്തരവാദിത്വത്തിൽ നിന്ന് ഗവൺമെന്റ് പിന്നോട്ടുപോകുന്ന പ്രശ്നമേയില്ല എന്നുള്ള കാര്യം ഞാൻ വളരെ വ്യക്തമായി പറയുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എന്താണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രാഥമികമായ ചുമതല; പ്രൈമറി ഫംഗ്ഷൻ എന്താണ്; മന്ത്രിയുടെ മറുപടി കേട്ടപ്പോൾ എനിക്കുതന്നെ സംശയമായി. അത് കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന സാധനങ്ങൾ

എത്തിച്ചുകൊടുക്കലാണ്, നെല്ല് സംഭരണമാണ് എന്നിങ്ങനെ കുറെക്കാര്യങ്ങൾ പറഞ്ഞു. അതെല്ലാം പിന്നീടുണ്ടായ കാലത്ത് സംഭവിച്ച കാര്യങ്ങളാണ്. കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രൈമറി ഫംഗ്ഷൻ 13 നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടുകൂടി വിതരണം നടത്തി പൊതു വിപണിയിലെ വിലക്കയറ്റത്തെ നിയന്ത്രിക്കുക, മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുക എന്നതാണ്. പ്രൈമറി ഫംഗ്ഷൻ അതാണ്. ആ കാര്യത്തിൽ സപ്ലൈകോ വളരെ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. സപ്ലൈകോയ്ക്ക് പൊതുവിപണിയിൽ ഇടപെടൽ നടത്താൻ കഴിയുന്നില്ല. കഴിഞ്ഞ പ്രാവശ്യം അടിയന്തര പ്രമേയത്തിന് നോട്ടീസ് കൊടുത്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പലസ്ഥലത്തും സാധനമുണ്ടെന്ന് പറഞ്ഞ് വെല്ലുവിളിച്ചു. പിറ്റേദിവസവും അന്നുമായി മാധ്യമങ്ങൾ മന്ത്രിയുടെ മണ്ഡലത്തിലടക്കമുള്ള കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലെയും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പോയപ്പോൾ സബ്സിഡി റേറ്റിലുള്ള മൂന്നോ നാലോ ഐറ്റത്തിൽ കൂടുതൽ സാധനങ്ങൾ ഒരു ഔട്ട്ലെറ്റിലും അന്നുണ്ടായിരുന്നില്ല. 29-01-204-ൽ ഡോ. എം. കെ. മുനീറിന്റെ "സപ്ലൈകോ ഔട്ട്ലെറ്റുകളിൽ മതിയായ

സാധനങ്ങൾ ലഭ്യമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;" എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി "സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്" എന്നാണ്. മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. തൃശ്ശൂരിലെ എം.എൽ.എ.-യും മേയറും ഉദ്ഘാടനം ചെയ്യാൻ പോയിട്ട് തിരിച്ചുവന്നുവെന്നാണ് മാധ്യമങ്ങളിൽ വായിച്ചത്. മാധ്യമ വാർത്ത ശരിയാണെങ്കിൽ സബ്സിഡി ഇല്ലാത്ത സാധനം ഉദ്ഘാടനം ചെയ്ത് വഷളാകാതിരിക്കാൻ അവർ നോക്കിക്കാണും. കേരളത്തിലെ ക്രിസ്മസ് ഫെയറിൽ പല ചന്തകളിലും ഈ സാധനങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അതുണ്ടാകാതിരിക്കാനുള്ള കാരണമെന്താണ്; യഥാർത്ഥത്തിൽ ഞങ്ങൾ മന്ത്രിക്കെതിരെയാണോ ഈ നോട്ടീസ് കൊണ്ടുവന്നിരിക്കുന്നത്. ഇതിലേറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുമായിരിക്കും എന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. പക്ഷേ ഇത് ജനങ്ങളെ ബാധിക്കുന്ന വിഷയമാകുമ്പോൾ ഞങ്ങൾ നിയമസഭയിൽ കൊണ്ടുവരണ്ടേ; അതിന് കേന്ദ്രത്തിനെതിരെ ഞങ്ങൾ സംസാരിക്കുന്നുണ്ടോ, കഴിഞ്ഞ

ഏഴരക്കൊല്ലമായി ഞങ്ങൾ എന്തുചെയ്തു എന്നൊക്കെ ചോദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കഴിഞ്ഞ ഏഴരക്കൊല്ലമായി മാത്രം ഫംഗ്ഷൻ ചെയ്യുന്നൊരു സ്ഥാപനമല്ല എന്നാണ്. അതിനുമുമ്പും മാറി മാറി വന്ന സർക്കാരുകൾ പ്രത്യേകമായ പരിഗണന കൊടുത്ത് ഏറ്റവും നന്നായി നടത്തിയിട്ടുള്ള ഒരു സ്ഥാപനമാണ്. യു.ഡി.എഫ്. കാലത്ത് മാവേലിസ്റ്റോർ വാമനസ്റ്റോർ ആക്കി എന്ന് അങ്ങ് പറഞ്ഞു. ഒരു മാവേലി സ്റ്റോർ യു.ഡി.എഫ്.-ന്റെ കാലത്ത് പൂട്ടിയിട്ടുണ്ടോ; എത്ര മാത്രം പുതിയ സ്റ്റോറുകൾ തുറന്നു. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് ഞങ്ങളുടെ എല്ലാവരുടെയും നിയോജകമണ്ഡലങ്ങളിൽ വന്ന് എത്രയോ പുതിയ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ ഉദ്ഘാടനം ചെയ്തു. എന്റെ മണ്ഡലത്തിലുൾപ്പെടെ ഉദ്ഘാടനം ചെയ്തു. നന്മ സ്റ്റോറുകൾ ഉദ്ഘാടനം ചെയ്തു. അക്കാലത്ത് 346 കോടി രൂപ കുടിശികയുണ്ടായെന്നാണ് പറയുന്നത്. ഏത് ഗവൺമെന്റ് അധികാരത്തിൽനിന്നിറങ്ങുമ്പോഴും കുടിശികയുണ്ടാകും. ബില്ലുകൾ പാസ്സാക്കി പേയ്മെന്റ് നൽകുന്നതിലെ ഒരു ഡിലേ വരും, അത് മനഃപൂർവ്വമായ ഡിലേയല്ല. അച്യുതാനന്ദൻ ഗവൺമെന്റ്

മാറി ഉമ്മൻചാണ്ടി ഗവൺമെന്റ് വന്നപ്പോഴും കുടിശികയുണ്ടായിരുന്നു, അത് സാധാരണമാണ്, ആ കുടിശിക കൂടി ചേർത്താണ് ഞങ്ങളുടെ ഗവൺമെന്റ് പണം നൽകിവന്നിരുന്നത്. അഞ്ചുവർഷം യു. ഡി. എഫ്. ഭരിച്ചപ്പോൾ ഏതെങ്കിലും ഒരു നിത്യോപയോഗ സാധനം ഏതെങ്കിലും ഒരു മാവേലി സ്റ്റോറിലില്ലാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോ-യെക്കുറിച്ച് പറയുന്നത്, കുത്തക കമ്പനികൾ ഇങ്ങോട്ടുവരുമെന്നാണ്. മാവേലി സ്റ്റോറുകൾ തകർന്നാൽ ...... (ബഹളം.....) ഇത് എന്താണ് സർ, എന്ത് മര്യാദകേടാണ് ഈ കാണിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.....അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, നിരന്തരമായി ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയാണോ?

മി. സ്പീക്കർ: Please... Please... അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിച്ചോളൂ...

ശ്രീ. വി. ഡി. സതീശൻ: സർ, മാവേലി സ്റ്റോറുകൾ പൂട്ടിയാൽ... (ബഹളം.....)

മി. സ്പീക്കർ: Please... Keep Quiet. അങ്ങ് സംസാരിച്ചോളൂ..

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എങ്ങോട്ടുനോക്കണമെന്ന് നിങ്ങൾ അല്ലല്ലോ തീരുമാനിക്കുന്നത്.

മി. സ്പീക്കർ: Please... അവിടെയിരിക്കൂ...

ശ്രീ. വി. ഡി. സതീശൻ: സർ, സപ്ലൈകോ പൂട്ടിയാൽ കുത്തക കമ്പനികൾ കടന്നുവരുമെന്ന കാര്യത്തിൽ സംശയമില്ല. അപ്പോൾ കുത്തക കമ്പനികൾക്ക് വഴിയൊരുക്കാൻ സപ്ലൈകോ-യ്ക്ക് നിങ്ങൾ ദയാവധം ഒരുക്കിക്കൊടുക്കുകയാണ്. അതാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പറഞ്ഞത്, സപ്ലൈകോ തകർത്ത് കുത്തക കമ്പനികൾക്ക് വഴിയൊരുക്കുന്നത് നിങ്ങളാണ്. സപ്ലൈകോ-യ്ക്ക് 2500 കോടി രൂപ മുതൽ 3000 കോടി രൂപ വരെ ബാധ്യതയാണ്, ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുന്നുണ്ടോ? മൂവായിരത്തോളം കോടി രൂപയുടെ ബാധ്യത ഏതെങ്കിലും ഒരു സർക്കാരിന്റെ കാലത്ത് സപ്ലൈകോ-യ്ക്ക് ഉണ്ടായിട്ടുണ്ടോ? കാരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നില്ല. കാരണം, സംസ്ഥാനത്തെ സപ്ലൈകോ-യ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ വിതരണക്കാർക്ക് നൽകാനുള്ള തുക 792 കോടി രൂപയാണ്. ... ...

(ബഹളം......)

<u>മി. സ്പീക്കർ:</u> അങ്ങ് സംസാരിച്ചോളൂ. പ്ലീസ്.... ഇപ്പോൾ ശാന്തമാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, 3000 കോടി രൂപയോളം ബാധ്യതയുള്ള സ്ഥാപനത്തിന് വിപണിയിലിടപെടാൻ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക 205 കോടി രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി കോടികൾ എങ്ങനെ ബാധ്യത വരുത്തി? വളരെ കുറഞ്ഞ തുക Allocation നൽകി അതിന്റെ പകുതിമാത്രം നൽകും. 2021-22-ൽ 150 കോടി രൂപ Allocation നൽകിയതിൽ 75 കോടി രൂപ മാത്രം കൊടുത്തു. അവർക്ക് ബാധ്യത 800 കോടി രൂപയാണ്. 2022-23- ൽ 1000 കോടി രൂപ ബാധ്യതയുള്ളപ്പോൾ Allocation 180 കോടി രൂപയാണ്. അതിൽ ഒരു പൈസ പോലും നൽകിയിട്ടില്ല. നിങ്ങളുടെ ഉദ്ദേശ്യമെന്താണ്? സപ്ലൈകോ-യെ പൂട്ടാൻ നിങ്ങൾ ആഗ്രഹിക്കുന്നു, ഒരു രൂപ പോലും നൽകിയിട്ടില്ല. കേരളത്തിൽ പൊതുവിപണിയിൽ ഇടപെടേണ്ട സപ്ലൈകോ-യ്ക്ക് ഒരു രൂപ പോലും നൽകിയില്ല. നൽകിയ പണമാകട്ടെ ട്രഷറിയിൽനിന്നും മാറിക്കിട്ടില്ല. ആ മന്ത്രിയാണ് ഇതിനെ Defend ചെയ്യുന്നത്, മന്ത്രിയുടെ കൈകൾ കെട്ടപ്പെട്ടിരിക്കുകയാണ്, വകുപ്പിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുകയാണ്.

സപ്ലൈകോ-യ്ക്ക് അവരുടെ Function ചെയ്യാൻ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇതെല്ലാം നല്ല രീതിയിലാണ് പോകുന്നതെന്ന് പറഞ്ഞാൽ ഈ സ്ഥാപനം എവിടെ പോയിനിൽക്കും? ഓരോ വർഷവും നോക്കിയാൽ അറിയാം; നെല്ല് സംഭരണത്തിന്റെ കുടിശികയായി പൊതുവിപണിയിൽ കൊടുക്കാനുള്ള 1507 കോടി രൂപ, അങ്ങനെ എല്ലാത്തിനും കടമാണ്. ഇലക്ഷനുമുമ്പ് നിങ്ങൾ കിറ്റ് നൽകിയതിന്റെ കുടിശിക മുഴുവൻ സപ്ലൈകോ-യ്ക്ക് കൊടുത്തിട്ടില്ല. ഇതുവെറുതെ പറയുന്നതല്ല, മന്ത്രി സഭയ്ക്ക് എഴുതിനൽകിയ ഉത്തരത്തിൽനിന്നുമാണ്. അതുപോലെ നെല്ല് സംഭരണം മറ്റൊരു പ്രധാനപ്പെട്ട ചുമതലയാണ്. നെല്ല് സംഭരണത്തിൽ ഇത്രമാത്രം കുടിശികയുണ്ടായ ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ, ഇത്രമാത്രം നെൽകർഷകർ കഷ്ടപ്പെട്ടിട്ടുണ്ടോ? സർക്കാർ സപ്ലൈകോ-യ്ക്ക് പണം നൽകാതെ എങ്ങനെ നെൽകർഷകർക്ക് അവർ പണം നൽകും? ... ... ഞാൻ വഴങ്ങുന്നില്ല, കാരണം ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ആർക്കും വഴങ്ങിയില്ല. മുൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കുപോലും അദ്ദേഹം വഴങ്ങിയില്ല, അതുകൊണ്ട് ഞാൻ വഴങ്ങില്ല. നെല്ലിന്റെ സംഭരണവില 28.20

രൂപയാണ്. കേന്ദ്രം നൽകിയിരുന്ന 20.40 രൂപയിൽ 1.43 കൂടി വർദ്ധിപ്പിച്ചു. അപ്പോൾ നമ്മൾ നൽകിക്കൊണ്ടിരുന്ന 7.80 രൂപയിൽനിന്ന് 1.43 കുറച്ചുകൊണ്ട് 6.37 രൂപയാക്കി. കേന്ദ്രം 1.43 രൂപ വർദ്ധിപ്പിച്ചപ്പോൾ നമ്മുടെ SIB (Kerala, State Incentive Bonus)- യിൽനിന്നും അത് കുറയ്ക്കുകയും അതിന്റെ ആനുകൂല്യം പോലും കർഷകർക്ക് നൽകുകയും ചെയ്യുന്നില്ല, കർഷകർക്ക് വിതരണം ചെയ്യുന്നില്ല. Paddy Receipt Sheet (PRS)-നെ സംബന്ധിച്ച് കർഷകർക്ക് താല്പര്യമില്ലെന്ന് മന്ത്രി മറുപടി നൽകിയിട്ടുണ്ട്. Paddy Receipt Sheet കുറച്ചുകാലം നൽകി, എന്നാൽ പിന്നീട് സർക്കാർ ബാങ്കിലേയ്ക്ക് പണം അടയ്ക്കാതെവന്നപ്പോൾ ബാങ്ക് അത് നൽകില്ലെന്ന് പറഞ്ഞു. പിന്നീട് വളരെയധികം ചർച്ചകൾ നടത്തി Consortium രൂപീകരിച്ച് വീണ്ടും PRS നൽകാൻ തുടങ്ങി. എന്നാൽ സർക്കാർ കർഷകന് നൽകേണ്ട പണം ഇപ്പോൾ ബാങ്കുകൾ അവർക്ക് പേഴ്സണൽ ലോൺ നൽകുന്നതുപോലെയാണ് നൽകുന്നത്. സർക്കാർ PRS തുക റീ-ഇംപേഴ്സ് ചെയ്യാൻ വൈകിയാൽ കർഷകന്റെ കടം NPA (Non Performing Assets) ആയി പ്രഖ്യാപിക്കും. നിങ്ങൾ മന്ത്രിമാരെല്ലാവരുംകൂടി ഒരുമിച്ചിരുന്ന ബാങ്കുകളുമായി Consortium രൂപീകരിച്ച സമയത്ത്

ഇത്തരത്തിലുള്ള condition പാടില്ലെന്നുപറയേണ്ടേ? സർക്കാർ കർഷകന് നൽകാനുള്ള പണമല്ലേ? നെല്ല് സംഭരിച്ചിട്ട് മാസങ്ങൾക്കുശേഷവും നൽകാത്ത പണത്തിന് PRS നൽകുകയും, കർഷകൻ ബാങ്കിൽ എത്തുമ്പോൾ അത് ലോണാക്കുകയും, സർക്കാർ ബാങ്കിന് പണം നൽകാൻ വൈകിയാൽ അത് NPA ആക്കി, കിട്ടാക്കടമായി കർഷകരുടെ CIBIL score തകർന്നുപോകുകയുമാണ്. നിങ്ങളുടെ നവകേരള സദസ്സ് ആരംഭിച്ചതിനുശേഷം, അത് തിരുവനന്തപുരത്ത് എത്തുന്നതിനുമുമ്പ്... എത്ര നെൽകർഷകർ ആത്മഹത്യ ചെയ്തു.

മി. സ്പീക്കർ: Yes....Please....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇതൊന്നുതീർക്കട്ടെ. ബഹുമാനപ്പെട്ട അങ്ങയോട് ഒരു കാര്യം പറയുകയാണ്, ഏറ്റവും കുറവ് വാക്ക്-ഔട്ട് പ്രസംഗം നടത്തിയിട്ടുള്ള പ്രതിപക്ഷ നേതാവാണ് ഞാൻ.

മി. സ്പീക്കർ: Yes, അതുകൊണ്ടാണ് ഞാൻ ഓർമ്മിപ്പിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടര മണിക്കൂർ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അങ്ങ് ഒരു Yes -ഉം പറഞ്ഞില്ല, ഞങ്ങൾ അത് തൃപ്തിയായി കേട്ടുകൊണ്ടിരുന്നു. കാരണം, മുഖ്യമന്ത്രിക്കും മറുപടി

പറയേണ്ടതല്ലേ. അതുകൊണ്ട് ദയവുചെയ്ത് അങ്ങ് ഇടപെടരുത്, ഈ വിഷയം അവതരിപ്പിച്ചതിന്റെ തുടക്കം മുതൽ ഇടപെടലുകൾ നടത്തി വാക്ക്-ഔട്ട് പ്രസംഗത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുകയാണ്. അങ്ങയുടെ സംഭാവന കൂടി അതിൽ ചെയ്യരുത്, Let me complete. ഇവിടെ 26 മിനിട്ടും 30 മിനിട്ടുമൊക്കെയായിരുന്ന വാക്ക്-ഔട്ട് പ്രസംഗം, അത് 14 മിനിട്ടിൽ താഴെയാക്കിയത് ഞാനാണ്. അങ്ങേയ്ക്ക് ആശ്ചര്യമുണ്ടെങ്കിൽ നിയമസഭയിലെ റക്കോർഡുകൾ പരിശോധിച്ചോളൂ. ശ്രീ. വി. എസ്. അച്ചുതാനന്ദനും കോടിയേരി ബാലകൃഷ്ണനുമടക്കമുള്ള ആളുകൾ നടത്തിയ വാക്കൗട്ട് പ്രസംഗങ്ങൾ പരിശോധിച്ചുനോക്കൂ. അതിന്റെ പകുതി സമയം മാത്രമേ ഞാൻ എടുക്കാറുള്ളൂ. ഒരു കാര്യവുമില്ലാത്ത കാര്യം പറയാറുമില്ല. രാഷ്ട്രീയമല്ല പറയുന്നത്. ജനങ്ങളെ ബാധിക്കുന്ന വിഷയമല്ലേ; കേരളത്തിലെ സാധാരണ ജനങ്ങൾ അല്ലാതെതന്നെ പ്രയാസത്തിലാണ്. രൂക്ഷമായ വിലക്കയറ്റം ഒരുവശത്തും നികുതി വർദ്ധനവ് മറുവശത്തും. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച അന്നു മുതൽ ഇന്നുവരെ വെള്ളക്കരം കൂട്ടി, വൈദ്യുതി ചാർജ്ജ് രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചു, കെട്ടിട നികുതി കൂട്ടി, ഇന്ധന നികുതി കൂട്ടി അങ്ങനെ രൂക്ഷമായ വിലക്കയറ്റമാണ്. ഒരു ഇടത്തരം കുടുംബത്തിന്റെ

ചെലവിൽ പതിനായിരം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അങ്ങനെയാണ് ഈ രൂക്ഷമായ വിലക്കയറ്റം സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്ത തരത്തിലായത്. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ജപ്തി നടപടികളുണ്ടായ വർഷമാണ്. കിടപ്പാടങ്ങളും കൃഷിയിടങ്ങളും ഏറ്റവും കൂടുതൽ ജപ്തി ചെയ്യപ്പെട്ട വർഷമാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ കേരളത്തിൽ മാർക്കറ്റ് ഇന്റർവൻഷനുവേണ്ടി ഫലപ്രദമായി ഉണ്ടാക്കിയ സ്ഥാപനമാണിത്. അത് കെ.എസ്.ആർ.ടി.സി. പോലെ, വൈദ്യുതി ബോർഡുപോലെ വലിയ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. അവരുടെ ഫങ്ഷൻസ് അവർക്ക് ചെയ്യാൻ പറ്റുന്നില്ല. അങ്ങ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. 8 വർഷമായി സബ്സിഡി കൊടുത്തുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുപോകുകയാണ്. ഒരു പ്രാവശ്യംപോലും സപ്ലൈകോയിലെ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. അതിന്റെ അർത്ഥമെന്താണ്; സപ്ലൈകോയുടെ ബാദ്ധ്യത വർദ്ധിച്ചുവെന്നുള്ളതാണ്. നിങ്ങളുടെ പൊളിറ്റിക്കൽ ഡിസിഷനാണ് സപ്ലൈകോയിലെ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്നത്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ ഇലക്ഷൻ സമയത്ത് നൽകിയ ഏറ്റവും വലിയ വാഗ്ദാനമാണ് നിങ്ങൾ

അധികാരത്തിൽ ഇരിക്കുമ്പോൾ സപ്ലൈകോയിലെ നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിപ്പിക്കില്ലെന്നത്. നല്ല തീരുമാനമാണ്. അതിന്റെ പേരിൽ ലക്ഷക്കണക്കിന് വോട്ട് നിങ്ങൾക്ക് കിട്ടിക്കാണും. അതിന്റെ അർത്ഥമെന്താണ്; സപ്ലൈകോ പൊതു മാർക്കറ്റിൽനിന്നും സാധനങ്ങൾ വാങ്ങി സബ്സിഡി നിരക്കിൽ ആളുകൾക്ക് വിതരണം ചെയ്യുന്നു. കൊടുക്കുന്ന മാർക്കറ്റ് വില നിങ്ങൾ കൂട്ടുന്നില്ല. അപ്പോൾ സപ്ലൈകോയുടെ ബാദ്ധ്യത കൂടി. പൊതു മാർക്കറ്റിൽനിന്നും സാധനങ്ങൾ വാങ്ങി സബ്സിഡി നിരക്കിൽ കൊടുക്കുമ്പോൾ സബ്സിഡിയുടെ തുക വലിയ തോതിൽ വർദ്ധിക്കും. വില വർദ്ധിപ്പിക്കില്ലെന്ന ജനങ്ങളോടുള്ള നിങ്ങളുടെ പൊളിറ്റിക്കൽ വാഗ്ദാനം ആ സ്ഥാപനമാണ് സഹിക്കുന്നത്. ആ സ്ഥാപനത്തിന്റെ ബാദ്ധ്യത മൂന്നിരട്ടിയായി വർദ്ധിക്കുകയാണ്. പൊതു മാർക്കറ്റിലെ വിലക്കയറ്റവുമുണ്ട്. അതുകൊണ്ട് ഒരു മെറ്റീരിയലും ഇല്ലാതായി. അപ്പോൾ ആ സ്ഥാപനത്തിന് കൊടുക്കേണ്ട തുക വർദ്ധിപ്പിക്കുന്നതിന് പകരം കൊടുക്കാതിരിക്കുകയാണ്. 2022-23 സാമ്പത്തിക വർഷം ഒന്നും കൊടുത്തില്ല. ഇപ്പോൾ ആ വാഗ്ദാനം പിൻവലിച്ച് സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. നിങ്ങൾ

പുറകിലേയ്ക്ക് പോകുകയാണ്. ഗവൺമെന്റാണ് ഈ സ്ഥാപനത്തെ തകർത്തത്. ഈ സ്ഥാപനം തകർന്നു. മൂന്നുനാല് മാസമായി ടെണ്ടർ വിളിച്ചിട്ട് ഒരാൾപോലും പങ്കെടുക്കാത്ത ദയനീയമായ സ്ഥിതിയിലേയ്ക്ക് പോകുന്നു. അതിന്റെ ഫങ്ഷൻസ് നിർവ്വഹിക്കാൻ പറ്റുന്നില്ല. കേരള പൊതു വിപണിയിൽ വിലക്കയറ്റത്തിന്റെ കാര്യത്തിൽ ഇടപെടേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തെ നിങ്ങളുടെ കെടുകാര്യസ്ഥതകൊണ്ടും മിസ്മാനേജ്മെന്റുകൊണ്ടും തകർത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അടിയന്തരപ്രമേയത്തിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗത്തിലും ഇന്നുള്ള ഗുരുതരമായ പ്രശ്നം well established ആണ്. പക്ഷെ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിനുതക്ക ഒരു വിശദീകരണമോ മറുപടിയോ പറഞ്ഞില്ല. ഞാൻ സമയമെടുത്ത് വിശദീകരിക്കേണ്ട യാതൊരു കാര്യവുമില്ല.

അടിയന്തരപ്രമേയത്തിലും ഈ കേസ് നല്ലതുപോലെ അവതരിപ്പിച്ചു. അതുപോലെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞു. ഇത് പൊതു ചർച്ചയാണ്. സപ്ലൈകോയിൽ സാധനങ്ങളില്ല. മാവേലി സ്റ്റോറിൽ സാധനങ്ങളില്ല. പൊതു വിതരണരംഗത്ത് ഒരുപാട് പ്രശ്നങ്ങളുണ്ട് എന്നുള്ളത് ഇന്ന് കേരളത്തിൽ ഒരുവിധം എല്ലാവരും സമ്മതിക്കുന്ന ഒരു വിഷയമാണ്. അതിന് നിദാനമായാണ് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി വകുപ്പിന്റേതായി ചില അഡ്മിഷൻസും വന്നുകഴിഞ്ഞതാണ്. അതുകൊണ്ടുതന്നെ ഇതുപോലൊരു അടിയന്തരപ്രമേയത്തിന് സൊല്യൂഷനായിരുന്നു ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ വാദത്തിൽനിന്നും ഉണ്ടാകേണ്ടത്. ജനങ്ങളുടെ ഗൗരവമായ പ്രശ്നത്തിനും കൃഷിക്കാരുടെ പ്രശ്നത്തിനുമുള്ള ഒരു മറുപടിയല്ല ഉണ്ടായത്. അതിന് അപ്പുറവും ഇപ്പുറവും രാഷ്ട്രീയവും പറയുകയാണ് ഉണ്ടായത്. കേന്ദ്ര സർക്കാരിന് എതിരായുള്ള പ്രശ്നം വേറെ ആലോചിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് തരുന്നില്ലെന്നത് നമുക്കറിയാം. പക്ഷെ, നമുക്ക് നിസ്സംഗത ഭാവിക്കാൻ സാധിക്കുമോ; ഇത് ജനങ്ങളുടെ പ്രശ്നമാണ്. ഈ പ്രശ്നത്തിൽ അവിടുന്നന് കിട്ടുന്നില്ല, ഇവിടെ തരാൻ സാധിക്കില്ല എന്ന് പറയുന്നതോടുകൂടി പ്രശ്നം തീരുന്നില്ലല്ലോ; അതുകൊണ്ട്

എങ്ങനെ, എവിടെ കട്ട് ചെയ്ത്, എവിടെ സേവ് ചെയ്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനെ, പൊതു വിതരണ രംഗത്തെയും കൃഷിക്കാരെയും പരിരക്ഷിക്കാൻ സാധിക്കുമെന്നാണ് ആലോചിക്കേണ്ടിയിരുന്നതും മറുപടി പറയേണ്ടിയിരുന്നതും. ആ തരത്തിലുള്ള ഡിബേറ്റ് നടന്നില്ല. പ്രശ്നം അവതരിപ്പിച്ചുവെന്നല്ലാതെ മറുപടിയുടെ പോരായ്മയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പൊതു വിതരണരംഗത്തെ ശക്തിപ്പെടുത്തേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിനെ ദുർബ്ബലപ്പെടുത്തുന്ന നടപടി സ്വീകരിക്കുകയാണ്. അതിന് ഫലപ്രദമായ നടപടി സ്വീകരിക്കാതിരിക്കുകയും അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, മാവേലി സ്റ്റോറുകൾക്കുണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയാണ് ഈ അടിയന്തരപ്രമേയത്തിലൂടെ ചൂണ്ടിക്കാട്ടിയതിലൂടെ ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും സഹായിക്കുകയാണ് ചെയ്യുന്നത്. ധനകാര്യ വകുപ്പിൽനിന്നും കൃത്യമായ ഇടപെടലുണ്ടാകുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 347 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നെന്ന് പറയുമ്പോൾ, പഴയൊരു നിയമസഭാ ചോദ്യോത്തരം ഞാൻ എടുക്കുകയുണ്ടായി. 2008 മുതൽ 2010 വരെ വിവിധ സന്ദർഭങ്ങളിലായി 476 കോടി രൂപ അന്നത്തെ ഗവൺമെന്റിൽ നിന്ന് സപ്ലൈകോയ്ക്ക് കൊടുക്കാനുണ്ടായിരുന്നു. അത് 2013-ൽ 201 കോടി രൂപയായും പിന്നീട് 347 കോടി രൂപയായും മാറി. അതാണ് 1500 കോടി രൂപയായും 2500 കോടി രൂപയായും വർദ്ധിച്ചിരിക്കുന്നത്. അത് എങ്ങനെ ഉണ്ടായി എന്നുള്ളതാണ് ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ നയപരമായ പാളിച്ചയാണത്. 13 സബ്സിഡി സാധനങ്ങളുടെ വില

വർദ്ധിപ്പിക്കില്ലെന്ന് തീരുമാനിച്ചതിലൂടെ സപ്ലൈകോയ്ക്ക് ഉണ്ടാകാൻ പോകുന്ന നഷ്ടമെന്താണെന്ന് മുൻകൂട്ടി കാണാനോ അത് എങ്ങനെ പരിഹരിക്കാമെന്ന യാതൊരു ക്രിയാത്മകമായ വീക്ഷണമോ ഇല്ലാതെ പോയതുകൊണ്ടാണ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഈ സ്ഥാപനം ഇത്രമാത്രം കടത്തിലേയ്ക്ക് ചെന്നെത്തിയത്. അതിന്റെ പാപഭാരമാണ് അങ്ങേയ്ക്ക് അനുഭവിക്കേണ്ടി വരുന്നത്. മാവേലി സ്റ്റോറിൽ സാധനങ്ങൾ ഇല്ലാതെ വന്നതോടെ ജനങ്ങൾ നട്ടംതിരിയുകയാണ്. ഒരു സ്വകാര്യ വിപണിയും കടന്നുവരരുത്. തൃശ്ശൂർ എം.എൽ.എ.-യുടെ അനുഭവം ഇവിടെ പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഉദ്ഘാടനത്തിനായി ചെന്നപ്പോൾ അവിടെ പല സാധനങ്ങളും ഇല്ലായിരുന്നു. തെറ്റായ സന്ദേശം പുറത്തോട്ട് പോകരുതെന്നുള്ളതുകൊണ്ടും സബ്സിഡി സാധനങ്ങൾ 6 എണ്ണം ഇല്ലാതിരുന്നിട്ടും സപ്ലൈകോ എന്ന സ്ഥാപനത്തിന് ക്ഷീണമുണ്ടാകരുതെന്ന നിലയിൽ ഞാനത് ഉദ്ഘാടനം ചെയ്തു. ഗവൺമെന്റിൽനിന്നും ആവശ്യമായ ഇടപെടൽ വരുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. വസ്തുതാപരമല്ലാത്ത ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞതുകൂടി ക്ലാരിഫൈ ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. യു.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് ഒരു മാവേലി സ്റ്റോറും കേരളത്തിൽ അടച്ചുപൂട്ടിയിട്ടില്ല. കൂടുതൽ ഔട്ട്ലെറ്റുകൾ തുടങ്ങുകയാണ് ചെയ്തത്. അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്. രേഖകൾ അങ്ങയുടെ കയ്യിലുണ്ടല്ലോ; നെല്ല് സംഭരണത്തിന്റെ തുക കൊടുക്കാത്തതിന്റെ പേരിൽ ഒരു കർഷകനും യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്തിട്ടില്ല. സാധനങ്ങൾ ഇല്ലെന്ന് പറഞ്ഞ് ഒരിക്കൽപോലും ഒരു ബോർഡും മാവേലി സ്റ്റോറിന്റെ മുമ്പിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൂക്കേണ്ടിവന്നിട്ടില്ല. ഇന്ന് അങ്ങനെ വരുന്നുണ്ടെങ്കിൽ ധനകാര്യ വകുപ്പിന്റെ പ്രയോരിറ്റി എവിടെയാണെന്നത് ചിന്തിക്കണം. മരുന്നുകൾ കൊടുക്കുന്ന കാര്യത്തിലും ഭവനങ്ങൾ കൊടുക്കുന്ന കാര്യത്തിലൊക്കെ പൂർണ്ണമായും പിൻമാറുന്നു. ധനകാര്യ വകുപ്പിന്റെ കൃത്യമായ ഇടപെടലും സപ്പോർട്ടും സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇല്ലാത്തതാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. സർക്കാരിന്റെ കുറ്റത്തരവാദിത്വമില്ലായ്മയിലും ഈ വിഷയം ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)